ളുടെ പ്രവർത്തനം മന്ദീഭവിക്കുക/നിലച്ചുപോവുക, വായ്പക്കാർ പ്രവർത്തന പരിധി വിട്ട് പോവുക, വായ്പാ റിക്കവറി നടപടികളിലെ പോരായ്മ/കാലതാമസം എന്നിവയാണ് സഹകരണ ബാങ്കുകൾക്ക് കിട്ടാക്കടമുണ്ടാകാനുള്ള സാഹചര്യങ്ങൾ.

ശബരി റെയിൽപ്പാതയുടെ ദൈർഘ്യം

*30 [120] ശ്രീ. കെ. സി. ജോസഫ്:
,, കെ. സി. വേണുഗോപാൽ:
,, ലൂഡി ലൂയിസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപാത എവിടെ നിന്ന് എവിടെ വരെ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) പ്രസ്തുത പാത എരുമേലി വരെ നീട്ടുന്നതിനെ സംസ്ഥാന ഗവൺമെന്റ് എതിർത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(ഡി) അഴുതയിൽ ഈ പാതയുടെ പണി അവസാനിപ്പിക്കുമോ;

(ഇ) അഴുത മുതൽ എരുമേലി വരെ എത്ര ദൂരമുണ്ട്;

(എഫ്) ഇത്രയും ദൂരംകൂടി റെയിൽപ്പാത നിർമ്മിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ദോഷങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) അങ്കമാലി സ്റ്റേഷനിൽ നിന്നും പമ്പ വരെ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) അഴുത മുതൽ പമ്പ വരെയുള്ള ഭാഗത്തേക്കും ഫൈനൽ ലൊക്കേഷൻ സർവ്വേ നടന്നുവരികയാണ്.

(ഇ) 18 കിലോ മീറ്ററോളം ദൂരമുണ്ട്.

(എഫ്) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly